(ബി) ആ റോഡ് മെറ്റൽ ചെയ്യുന്നതിന് അനുവദിച്ചിട്ടുണ്ടെങ്കിലും ആ ജോലി നടത്തുന്നതിനുള്ള താമസത്തിന് കാരണം എന്താണെന്ന് ദയവായി പറയാമോ ?

HON'BLE MR. K. R. ELANKATH (*a*) Yes.
(*b*) Every endeavour is being made to complete the work soon

പാലം പണി.

207. MR. P. C. GEORGE : താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

പത്തനംതിട്ട താലൂക്കിലെ കുമ്പഴ, റാന്നി, കൈപ്പട്ടൂർ, വടശ്ശേരിക്കര എന്നീ സ്ഥലങ്ങളിൽ പാലങ്ങൾ കെട്ടുന്നതിന് എസ്റ്റിമേറുകൾ ഈ ആഴ്ചയിൽ തന്നെ തയ്യാറാക്കുവാൻ വേണ്ടതു ചെയ്യുമോ ?

HON'BLE MR. K. R. ELANKATH : വേണ്ടതു ചെയ്യാം. എന്നാൽ പൊതുവെ പാലങ്ങളെ സംബന്ധിച്ചു ഒരു നിർദ്ദിഷ്ടപദ്ധതിയനുസരിച്ചു പ്രവർത്തിക്കുകയേ സാദ്ധ്യമുള്ളൂ.

വാളണ്ടിയർ സേന.

208 MR. A. K. PATCHU PILLAI : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമവകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ ?

(എ) തിരുവിതാംകൂറിൽ സ്ഥിരമായി ഒരു വാളണ്ടിയർസേന സജ്ജീകരിക്കാൻ നിശ്ചയിച്ചിരിക്കുന്നതായി ഫ്രണ്ടർ കന്നി ലക്കം-ാം പേജിൽ മി. എം. നരേന്ദ്രൻ എന്ന ഒരാൾ ഒരു വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നതായി ഗവണ്മെൻറിന് അറിവുണ്ടോ ?

(ബി) ടി സേനയ്ക്ക് ഗവണ്മെൻറ് ഏതെങ്കിലും സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ ?

(സി) സ്റ്റേറിൽ പല സ്ഥലങ്ങളിലും ഇതുപോലെ വ്യക്തികളോ സ്ഥാപനങ്ങളോ വാളണ്ടിയർസേന സംഘടിപ്പിച്ചു പരിശീലനം നൽകുന്നതിൽ ഗവണ്മെൻറിന്റെ മനോഭാവം എന്താണ് ?

(ഡി) അതിനു ഗവണ്മെൻറ് പ്രോത്സാഹനം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly